I/46015/2023

**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**

**വിജ്ഞാപനം**

**കീം 2023**
**2023 ലെ ആർക്കിടെക്ച്ചർ (ബി.ആർക്ക്) പ്രവേശനം**
**റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.**

2023 ലെ ആർക്കിടെക്ച്ചർ (ബി.ആർക്ക്) കോഴ്സിലെ പ്രവേശനത്തിനായുള്ള റാങ്ക് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

കൗൺസിൽ ഓഫ് ആർക്കിടെക്ച്ചർ നടത്തിയ നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർക്കിടെക്ച്ചർ (NATA) സ്കോറിനും യോഗ്യതാ പരീക്ഷയിലെ മാർക്കിനും തുല്യ പരിഗണന നൽകി പ്രോസ്പെക്ടസ് ക്ലോസ് 9.7.4(c) പ്രകാരമാണ് ആർക്കിടെക്ച്ചർ കോഴ്സിലെ പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

അപേക്ഷയിലെ അപാകതകൾ മൂലവും മറ്റ് പല കാരണങ്ങളാലും ആർക്കിടെക്ച്ചർ/ഫാർമസി റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള ഏതാനും വിദ്യാർത്ഥികളുടെ ഫലം തടഞ്ഞു വച്ചിട്ടുണ്ട്. അപേക്ഷയിലെ അപാകതകളും ഫലം തടഞ്ഞുവയ്ക്കുന്നതിനുള്ള മറ്റ് കാരണങ്ങളും പരിഹരിക്കപ്പെടുന്ന മുറയ്ക്ക് ഇവരുടെ ഫലം പ്രസിദ്ധീകരിക്കുന്നതാണ്.

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന കാരണത്താൽ ഒരു വിദ്യാർത്ഥി പ്രവേശനത്തിന് അർഹനാകുന്നില്ല. പ്രൊഫഷണൽ ഡിഗ്രി പ്രവേശനത്തിന് പ്രോസ്പെക്ടസ് പ്രകാരമുള്ള യോഗ്യതാ മാനദണ്ഡങ്ങൾ ഓരോ വിദ്യാർത്ഥിയും തൃപ്തിപ്പെടുത്തേണ്ടതാണ്. വിദ്യാർത്ഥികൾ പ്രവേശന സമയത്ത് പ്രോസ്പെക്ടസ് ക്ലോസ് 6.2 പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യതകൾ നേടിയിരിക്കണം. ഇത് പ്രവേശന സമയത്ത് കോളേജ് അധികാരികൾ പരിശോധിക്കുന്നതാണ്.

റാങ്ക് ലിസ്റ്റ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾക്കും വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് നിരന്തരം സന്ദർശിക്കേണ്ടതാണ്.

29.07.2023 ലെ വിജ്ഞാപന പ്രകാരം 31.07.2023 ഉച്ചക്ക് 2.00 മണി മുതൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലൂടെ ആർക്കിടെക്ച്ചർ കോഴ്സിലേക്കുള്ള ഓപ്ഷൻ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം
30-07-2023

**പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി**